# Malayala Manorama
# 27 August 2018
# Vypin, After Flood, Fireworks Manufacturing Area

## പ്രളയത്തിൽ നനഞ്ഞ് പടക്ക നിർമാണ മേഖല

**ഒട്ടേറെ കുടുംബങ്ങളുടെ ഉപജീവനമാർഗം ഇല്ലാതായി**



ചെറായിയിലെ പടക്കനിർമാണശാല വെള്ളം കയറിയ നിലയിൽ

വൈപ്പിൻ ● പ്രളയം വൈപ്പിനിലെ പടക്കനിർമാണ മേഖലയെ തകർത്തു. കമ്പനിയുടമകൾക്കു ഭീമമായ നഷ്ടം ഉണ്ടായതിനു പുറമേ പടക്കനിർമാണ മേഖലയിൽ ജോലിചെയ്ത ഒട്ടേറെ കുടുംബങ്ങളുടെ ഉപജീവനമാർഗം ഇല്ലാതായി.

സീസൺ അല്ലാതിരുന്നതിനാലാണു നഷ്ടത്തിന്റെ തോതു കുറഞ്ഞതെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്നവർ പറയുന്നു. എന്നാൽ പലരുടെയും പക്കൽ വൻതോതിൽ സാമഗ്രികൾ സ്റ്റോക്കുണ്ടായിരുന്നു. നിർമാണ ഉപകരണങ്ങളും അസംസ്കൃതവസ്തുക്കളും വെള്ളം കയറി നശിച്ചു.

അടുത്തെങ്ങും നിർമാണം പുനരാരംഭിക്കാൻ കഴിയില്ലെന്നു വ്യക്തമായതോടെ ദശകങ്ങളായി ഈ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾ എന്തുചെയ്യുമെന്നറിയാതെ ആശങ്കയിലാണ്.

ഫാക്ടറിയിൽ വെള്ളം കയറിയതിനെത്തുടർന്ന് 90 ലക്ഷത്തോളം രൂപയുടെ നഷ്ടമാണുണ്ടായതെന്നു ചെറായിലെ പ്രമുഖ പടക്കനിർമാതാക്കളായ ചന്ദ്രാ ഫയർവർക്സിന്റെ സാരഥി ഓടാശേരി ചന്ദ്രൻ പറഞ്ഞു. ഇവിടെ ജോലി ചെയ്ത സ്ത്രീകൾ ഉൾപ്പെടെയുള്ള 15 കുടുംബങ്ങളുടെ ഉപജീവന മാർഗം അടഞ്ഞു. വിഷുക്കച്ചവടം കഴിഞ്ഞുള്ള കമ്പിത്തിരി, ചക്രം, പടക്കം, മേശപ്പൂവ്, റോക്കറ്റ്, പൂത്തിരി, തുടങ്ങിയവ വൻതോതിൽ സ്റ്റോക്കുണ്ടായിരുന്നു.

ഇവ നിർമിക്കാൻ ഉപയോഗിക്കുന്ന ലക്ഷങ്ങൾ വിലയുള്ള സാമഗ്രികൾ വെള്ളം കയറി ഉപയോഗശൂന്യമായി. പത്തുലക്ഷത്തോളം രൂപയുടെ പായ്ക്കിങ് സാമഗ്രികളും വെള്ളത്തിൽ കുതിർന്നു നശിച്ചു.

ഇവയെല്ലാം തറയിലാണു സൂക്ഷിച്ചതെന്നതു നഷ്ടത്തിന്റെ തോത് വർധിപ്പിച്ചു.

ബാങ്കുകളിൽനിന്നു വായ്പയെടുത്താണ് ഓരോ സീസണുകളിലും സാധനങ്ങൾ നിർമിക്കുന്നതെന്നും അതുകൊണ്ടുതന്നെ വെള്ളപ്പൊക്കം കനത്ത തിരിച്ചടിയാണു സമ്മാനിച്ചതെന്നും വർഷങ്ങളായി ഈ രംഗത്തു പ്രവർത്തിക്കുന്ന ഒ.സി. സൈജു പറഞ്ഞു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പല ചെറുകമ്പനികളും ഇതേ പ്രതിസന്ധി നേരിടുന്ന സ്ഥിതിയാണ്.